ആമുഖം,

സെന്റ്മിൽഡ്രഡ്സ്.യു.പി.സ്കൂളിന്റെ അടുത്തുവരുന്ന സ്കൂൾ വർഷങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ ഒരു മാർഗ്ഗരേഖയാണ് ഇതിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി മാറണമെന്നുള്ള പുത്തൻ കാഴ്ചപ്പാടിനോട് യോജിച്ച്കൊണ്ട് ഉറപ്പാക്കാനും വേണ്ടിയുള്ള ഈ സംരംഭത്തിൽ അണിചേരാനും ഈ വികസന രേഖയിൽ ഉൾപ്പെടുത്തിയ കാഴ്ചപ്പാടുകൾ ചർച്ച ചെയ്ത് പ്രാവർത്തികമാക്കി ഗവൺമെന്റ് വിഭാവനം ചെയ്യുന്ന അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയങ്ങൾക്ക് രൂപം നൽകാനുമുള്ള ഈ സ്കൂളിന്റെ ശ്രമങ്ങളോട് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.അത്തരത്തിലുള്ളതാകട്ടെ ഈ അക്കാദമിക് മാസ്റ്റർപ്ലാൻ.

ചരിത്രം:

ചരിത്രത്തിന്റെ നാൾ വഴികളിൽ കടയ്ക്കൽ എന്നും സ്മരണീയമാണ്. ഈ പ്രദേശത്ത് സ്വാതന്ത്ര്യസമര ചരിത്രത്തിൽ ബ്രിട്ടീഷ് സൈന്യത്തിന്റെ കുതിരാലയം സ്ഥിതിചെയ്തിരുന്ന പ്രദേശത്താണ് 103 വർഷമായി ഈ സ്കൂൾ വിജയകരമായി സ്ഥിതികൊള്ളുന്നു. കോവിഡ് എന്ന മഹാമാരി കേരളത്തിന്റെ എല്ലാമേഖലകളേയും പിന്നോട്ടാക്കിയെങ്കിലും വിദ്യാഭ്യാസരംഗത്ത് തളർച്ച ഉണ്ടാവാതെ ഓൺലൈൻ പഠന രീതിയിലൂടെ പഠനം കുട്ടികളിൽ മുടക്കമില്ലാതെ മുന്നേറാൻ കഴിഞ്ഞു എന്ന യാഥാർഥ്യം നാം അഭിമാനപൂർവ്വം സ്മരിക്കുന്നു. പ്രതിസന്ധികളിൽ പ്രതിവിധി കണ്ടെത്തി വരും നഷ്ടങ്ങളെ നികത്തി വരും തലമുറയ്ക്ക് അവരുടെ പഠന നേട്ടങ്ങൾക്ക് വിദ്യാഭ്യാസരംഗം കലോചിതമായി എന്നും കേരളം മുന്നേറും എന്ന വിശ്വാസത്തോടെ,ധൈര്യത്തോട് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ്.

## പൊതു ലക്ഷ്യങ്ങൾ

സ്കൂൾ മികവിന്റെ കേന്ദ്രമാകുക. വിദ്യാലയം ഒരു പാഠപുസ്തകമാക്കുക. ഓരോ കുട്ടിയേയും ഒരു യുണിറ്റായി കണക്കാക്കി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ള കേന്ദ്രമാക്കി മാറ്റാനും അക്കാദമിക മികവിൽ എ ഗ്രേഡ് പോലെ സാമൂഹിക ബോധമുള്ള ഉത്തമപൗരനാക്കാനും എ ഗ്രേഡ് ലക്ഷ്യം വച്ചുള്ള ഈ കാഴ്ചപ്പാടുകൾ പൊതുസമൂഹത്തിന്റെ സഹകരണത്തോടെ നടപ്പാക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## പരിമിതികൾ വെല്ലുവിളികൾ

കോർപ്പറേറ്റ് മാനേജ്മെന്റിന് 16 എയ്ഡഡ് സ്കൂളികളുണ്ട്. ഏക കേന്ദ്രീകൃതമായി ശ്രദ്ധിക്കാൻ കഴിയാതെ വരുന്നു. രക്ഷിതാക്കൾ കൂലിപ്പണിക്കാരാണ് കൂടുതലും. സാമ്പത്തിക സഹായവും വിദ്യാലയത്തിന് വേണ്ടി കൂടുതൽ സേവനം നടത്താനും കഴിയാതെ വരുന്നു. സ്കൂളിനടുത്ത് തന്നെ ഉയർന്ന ഭൗതിക സാഹചര്യത്തോടെ പ്രവർത്തിക്കുന്ന 3 അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു. കുടിവെള്ളക്ഷാമം ഉണ്ടാകാറുണ്ട്.

## നിലവിലുള്ള വിദ്യാലയ സമിതികൾ

സ്കൂളിൽPTA, MPTA, SSG, SRG എന്നിവയും കുട്ടികളുടെ പഠനമികവിനായി ശ്രദ്ധ, മലയാളത്തിളക്കം പ്രതിഭാകേന്ദ്രം എന്നിവയും പൂർവ്വ വിദ്യാർത്ഥി സംഘടനയും പ്രവർത്തിച്ചുവരുന്നു.

## ഉള്ളടക്കം


**മേഖല-അക്കാദമികം**

**ഉപമേഖല**

1. വീട്ടു ലൈബ്രറി
2. ഭാഷാ ശേഷി വികസനം
3. ക്ലാസ് റൂം ലൈബ്രറി
4. ദിനാചരണങ്ങൾ
5. ക്ലബ്ബുകൾ
6. ഭാഷാലാബുകൾ
7. സയൻസ് ലാബുകൾ
8. സാമൂഹ്യശാസ്ത്ര ലാബ്
9. സാമൂഹ്യശാസ്ത്ര മ്യൂസിയം
10. E-വായന
11. കുട്ടികളുടെ ഡിക്ഷ്നറി
12. പഠന പിന്നാക്കക്കാർക്ക് പാഠ്യപദ്ധതി രൂപീകരണം
13. നൃത്തപരിശീലനം
14. കായിക പരിശീലനം
15. ആരോഗ്യവിദ്യാഭ്യാസം
16. കരാട്ടെ, യോഗാ ക്ലബ്ബുകൾ
17. അധ്യാപക പരിശീലനം
18. നീന്തൽ പരിശീലനം
19. സ്വയം തൊഴിൽ പരിശീലനം
20. അധ്യാപക പരിശീലനം
21. പ്രീപ്രൈമറി ക്ലാസ് റൂം
22. കൗൺസിലിങ് സെന്റർ
23. ഉച്ചഭക്ഷണ കമ്മിറ്റി
24. പഠനയാത്ര
25. സ്കൂൾ വാർഷികം

**മേഖല-ഭൗതികം**

**ഉപമേഖല**

26. ശബ്ദ സംവിധാനം
27. ജൈവവൈവിധ്യ പാർക്ക്
28. പ്രീപ്രൈമറി കെട്ടിടം
29. കിച്ചൺ കം സ്റ്റോർ റൂം
30. സ്കൂൾ വാഹനം
31. സ്കൂൾ കെട്ടിടം
32. ഫർണീച്ചർ-ഡസ്ക്-ബഞ്ച്
33. റേഡിയോ സ്റ്റേഷൻ (SM)
34. ചുറ്റുമതിൽ
35. കുട്ടികളുടെ പാർക്ക്
36. കമാനം
37. ഭോജനശാല
38. ആഡിറ്റോറിയം
39. സ്മാർട്ട് & ഡിജിറ്റൽ ക്ലാസ് റൂം
40. കളിസ്ഥലം
41. CCTV
42. നീന്തൽകുളം

**മേഖല-സാമൂഹികം**

**ഉപമേഖല**

43. അമ്മ വായന
44. രക്തദാന ഡയറക്ടറി
45. സ്നേഹസ്പർശം
46. പ്ലാസ്റ്റിക് വിരുദ്ധഗ്രാമം
47. ലഹരി വിരുദ്ധഗ്രാമം
48. മെഡിക്കൽ ക്യാമ്പ്
49. സമ്പാദ്യശീലം
50. അമ്മമാർക്ക് ബോധവൽക്കരണം
51. സ്കൂൾ സുരക്ഷാ സമിതി വിപുലീകരണം

## അക്കാദമിക മാസ്റ്റർപ്ലാൻ

കേരളം മറ്റു പലരംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 2 വർഷ കോവിഡ് കാലത്തും നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ കോട്ടങ്ങൾ ഉണ്ടാവാത്തവിധം നാം ഡിജിറ്റൽ രീതിയിലൂടെ നേട്ടം കൈവരിച്ചു. വിദ്യാഭ്യാസ രംഗത്തു മാറ്റം ഉണ്ടായാൽ അത് സമൂഹത്തിന്റെ എല്ലാ രംഗത്തും അത് പ്രതിഫലിക്കും. സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ആവേശം സൃഷ്ടിച്ചു. അതിന്റെ ഫലമായി നമ്മുടെ വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമിക രംഗത്തും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. പക്ഷേ കോവിഡ് മഹാമാരി നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ അല്പം വിടവ് സൃഷ്ടിച്ചു എന്നത് വാസ്തവമാണ്. ഈ അദ്ധ്യയന വർഷം നാം ആ വിടവ് നികത്തി വേണം അടുത്ത വർഷം നാം അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടത്. ഇവ പ്ലാൻ ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങളും പഠനബോധന രീതിയിൽ വന്ന മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് എസ്.എസ്.കെ.എം.പി. എം.എൽ.എ, പി.ടി.എ മറ്റ് സന്നദ്ധസംഘടനകളുടെ സഹകരണത്തോടെയാണ് നാം ആസൂത്രണം ചെയ്തിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

1. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.

2. സ്കൂളുകളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
3. വിദ്യാർത്ഥികൾക്ക് കലാകായിക പ്രവൃത്തി പരിചയപഠന പ്രവർത്തനങ്ങൾക്ക് നൈപുണ്യം വരുത്തുക.
4. വിദ്യാലയങ്ങളിലെ പഠനപിന്തുണ സംവിധാനങ്ങളുടെ ലബോറട്ടറി, ലൈബ്രറി,കമ്പ്യൂട്ടർ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുക.
5. പാർശ്വവത്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പിക്കുക.
6. വിദ്യാർത്ഥികൾ തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും വിദ്യാലയവും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധം നിലനിർത്തുക.

## അവസ്ഥാപഠനം പരിഗണിക്കേണ്ട മേഖലകൾ

- പാഠ്യപദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അധ്യാപകർ
- ഭൗതികസാഹചര്യം
- സാമൂഹിക ഇടപെടലുകൾ

**പാഠ്യപദ്ധതി വിനിമയം**

ഭാഷ: 40% പേർ ഭാഷയെ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുകയും 30% പേർ അധ്യാപകരുടെ സഹായ ത്തോടെ വായിക്കുകയും 30% വായിക്കാൻ ശ്രമിക്കുകയും വേണം.

ഗണിതം: 40% കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കണം. 30% അധ്യാപരുടെ സഹായത്തോടെയും 30% പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയും വേണം.

ശാസ്ത്രം : 40% പേർ സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തെരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനത്തിലെത്തണം. 30% പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ശരിയായ നിഗമന ത്തിൽ എത്തിച്ചേരാൻ കഴിയുന്നില്ല. 30% പേർ അധ്യാപകരുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. ശുചിത്വവും സൗകര്യപ്രദവുമായ ഭക്ഷണശാല.

**ഗതാഗത സൗകര്യം**

**സാമൂഹ്യ ഇടപെടലുകൾ**

- PTA
- S.M.C
- M.PTA
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ
- പൂർവ്വ വിദ്യാർത്ഥികൾ

- വിദ്യാലയ വികസനസമിതി
- സന്നദ്ധ സംഘടനകൾ
- പ്രാദേശിക വിദഗ്ദർ

## വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

ഇന്ന് നാം വിവിധതരം വെല്ലുവിളികളാണ് നേരിടുന്നത്. വിദ്യാലയ വികസനത്തിന് തടസ്സം നിൽക്കുന്ന പ്രധാന പ്രശ്നങ്ങളെ തരംതിരിക്കാം.

| മേഖല പ്രശ്നം | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|
| | ലഘുതരം | ഗുരുതരം | തീവ്രം | |
| സ്കൂൾ വാഹനം | | | | |

## സാമൂഹ്യശാസ്ത്രം (ചരിത്രാന്വേഷണം)

- ചരിത്രാന്വേഷണമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ദത്തങ്ങൾ സ്വയം ശേഖരിച്ച് അപഗ്രഥിച്ച് നിഗമനത്തിലെത്തി ചരിത്രരചന പൂർത്തിയാക്കാൻ 40% പേർക്ക് കഴിയണം.
- ദത്തങ്ങൾ ശേഖരിക്കും. പൂർണ്ണമായി അപഗ്രഥിച്ച് ചരിത്രരചന ഭാഗികമായി നടത്താൻ 30% പേർക്ക് കഴിയണം.
- അധ്യാപകരുടെ സഹായത്തോടെ ചരിത്രരചന നടത്താൻ 30% പേർക്ക് കഴിയണം.

ഈ രീതിയിൽ എല്ലാ മേഖലകളിലും അവസ്ഥാ പഠനം നടത്തി അളവ് പരമായി നടത്തി. വ്യത്യസ്ത നിലവാരത്തിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തണം.

## പഠനാന്തരീക്ഷം

- അനുയോജ്യമായ ക്ലാസ് മുറികൾ
- ക്ലാസ് മുറികളിലെ ജനാധിപത്യം, അവസര സമത്വം, സ്വതന്ത്രാന്തരീക്ഷം, ലിംഗസമത്വം, എല്ലാ വിഭാഗം കുട്ടികളേയും ഉൾക്കൊള്ളുന്ന അന്തരീക്ഷം.
- അനുയോജ്യമായ പഠനോപകരണങ്ങൾ
- ആധുനിക സാങ്കേതിക വിദ്യയുടെ ലഭ്യതയും ഉപയോഗവും

## അധ്യാപകർ

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- പഠന സാമഗ്രികളുടെ യഥാസമയ ലഭ്യത
- സാമൂഹിക പിന്തുണ

- അധ്യാപക-രക്ഷകർത്തൃ ബന്ധം

<u>ഭൗതിക സാഹചര്യം</u>

- പരിസ്ഥിതി സൗഹൃദ അന്തരീക്ഷം
- വിവിധതരം ലബോറട്ടറികൾ (വിഷയാടിസ്ഥാനം)
- ഓരോ ക്ലാസിനും ചേരുന്ന ലൈബ്രറികൾ
- കളിസ്ഥലവും കളിയുപകരണങ്ങളും
- ശുചിമുറികൾ ആവശ്യത്തിനും മികവുറ്റതും
- ശുദ്ധജല ലഭ്യത
- വിദ്യാർത്ഥി സൗഹൃദ ഫർണീച്ചർ

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ 2022-23</u>

## സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

## വിഷയം LP/UP അടിസ്ഥാനശാസ്ത്രം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | കാർഷികം(ശാസ്ത്രം) | പുതിയ ഇനം കാർഷിക വിളകൾ പരിചയപ്പെടുന്നതിനും മെച്ചപ്പെട്ട ഇനം സസ്യങ്ങളെ ഉത്പാദിപ്പിക്കുന്നതിനുമുള്ള നൂതന വിദ്യ മനസ്സിലാക്കുന്നതിന് വിവരശേഖരണം നടത്തുന്നതിനായി കൃഷിഫാം സന്ദർശനം, കർഷകനുമായി അഭിമുഖം, വീട്ടിലൊരു പച്ചക്കറിത്തോട്ടം നിർമിക്കൽ, അവയുടെ പരിപാലനം, കൃഷി പാഠം, (റോസികോ) ശ്രദ്ധിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | 2 മുതൽ 10 മാസം | SRG<br>SSG<br>PTA | SRG<br>കൃഷിഭവൻ<br>PTA | |

| | | | | | | |
|---|---|---|---|---|---|---|
| 2 | സൂക്ഷ്മജീവികളുടെ ലോകം (ശാസ്ത്രം) | നമ്മുടെ ചുറ്റുപാടും നിരവധി ഗുണവും ദോഷവുമുള്ള സൂക്ഷ്മ ജീവികളുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പഠനം നടത്തുന്നതിനായി വായനാ സാമഗ്രികളുടേയും ഓൺലൈൻ ലിങ്കിലൂടെയും സെമിനാർ വഴിയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ കുട്ടികൾ പഠനം നടത്തുന്നു. | 5 മാസം | PTA<br>SRG | SSG<br>PTA | |
| 3 | ഔഷധത്തോട്ടം (ശാസ്ത്രം) | നമ്മുടെ ചുറ്റുപാടും നിരവധി സസ്യജാലങ്ങൾ ഉണ്ടെങ്കിലും അവയിൽ ഔഷധ ഗുണമുള്ള നിരവധി സസ്യങ്ങൾ നമ്മുടെ ചുറ്റുമുണ്ടെന്നും അവയെ തിരിച്ചറിയേണ്ടതും ഗുണം മനസ്സിലാക്കേണ്ടതും വരും തലമുറയ്ക്കും ഇന്നത്തെ സമൂഹത്തിന് ഏറെ ആവശ്യമാണ്. അതിനായി സ്കൂളിൽ ഒരു ഔഷധത്തോട്ടം നിർമിക്കുന്നു. | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | ലഘുപരീക്ഷണങ്ങൾ | ക്ലാസ് തലത്തിൽ വ്യത്യസ്ത പാഠഭാഗവുമായി ബന്ധപ്പെട്ടതുമായ അനുബന്ധമായ ലഘുപരീക്ഷണങ്ങൾ പട്ടികപ്പെടുത്തുന്നു. കുട്ടികളെ ഗ്രൂപ്പുകളായി ലഘുപരീക്ഷണങ്ങൾ വിഭജിച്ച് നൽകുന്നു. പ്രവർത്തനത്തെ സംബന്ധിച്ച് രക്ഷകർത്താക്കളുമായി സംവദിക്കുന്നു. പരീക്ഷസാമഗ്രികൾ ക്ലാസ് തലത്തിൽ ലഘുപരീക്ഷണങ്ങൾ ചെയ്ത് നോക്കുന്നു. തുടർന്ന് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കലും ലഘുപരീക്ഷക്കുറിപ്പിന്റെ പ്രകാശനവും തുടർപ്രവർത്തനവുമായി പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ രൂപകല്പന ചെയ്ത് അവതരിപ്പിക്കൽ | ആഗസ്റ്റ് 9 മുതൽ ആഗസ്റ്റ് 26 വരെ | SRG<br>PTA | PTA | |
| | ചതുഷ്ക്രിയകൾ | **അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. ഗണിതം**<br>ഗണിതശാസ്ത്ര കടങ്കഥകൾ, കളികൾ, പഴഞ്ചൊല്ലുകൾ എന്നിവ ക്ലാസ് മുറികളിലെ ഒഴിച്ചുകൂടാനാവാത്ത പ്രവർത്തനങ്ങളാക്കാം.<br>എല്ലാ നിലവാരക്കാരേയും പരിഗണിക്കാൻ തക്കവണ്ണമുള്ള പ്രവർത്തനങ്ങളാക്കണം നൽകേണ്ടത്. പതിപ്പു തയ്യാറാക്കി അവതരിപ്പിക്കുക | ജൂൺ മുതൽ സെപ്റ്റംബർ വരെ | SRG<br>SMC | SRG<br>PTA | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രായോഗിക മൂല്യം മത ശിക്ഷണമൂല്യം, സാംസ്കാരിക മൂല്യം എന്നിവ വളർത്തിയെടുക്കുക | മതശിക്ഷണമൂല്യം വളർത്താൻ യുക്തിചിന്തയും സൂക്ഷ്മതയും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ജാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള പാറ്റേൺ സംഖ്യാ പാറ്റേൺ മുതലായവ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | ഒക്ടോബർ മുതൽ ഡിസംബർ വരെ | | | |
| | പ്രശ്നാപഗ്രഥന ശേഷി വളർത്തിയെടുക്കൽ | ആസ്വാദനശേഷി വർധിപ്പിക്കാൻ ഗണിതോദ്യാന നിർമാണം, ഗണിത പഠനം, കാര്യക്ഷമമാക്കൽ, ഗണിത ലൈബ്രറി, ഗണിത ലാബ് എന്നിവയുടെ നിർമാണം നടപ്പിലാക്കുക | ജൂൺ മുതൽ മാർച്ച് വരെ | PTA<br>SRG<br>പൂർവ്വ വിദ്യാർത്ഥികൾ | PTA<br>SRG | |

## സാമൂഹ്യശാസ്ത്രം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/ കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ചരിത്ര ബോധം | പുരാവസ്തു പ്രവർത്തനം<br><br>സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം<br><br>ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം | ജൂൺ-ജൂലൈ<br><br>ആഗസ്റ്റ്-സെപ്തംബർ | പി.ടി.എ | 20,000 |
| 2. ജനാധിപത്യ ബോധം, പൗര ബോധം | തെരഞ്ഞെടുപ്പ് പ്രകിയ മോഡൽ പാർലമെന്റ് | ജനാധിപത്യ സമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളിയാകുന്നു. | ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ | 2,000 |

| | | | | | |
|---|---|---|---|---|---|
| 3. ഭൂപട വായന ശേഷി | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ, ഗ്ലോബ് നിർമാണം, അറ്റ്ലസ് നിർമാണം | സംവാദാത്മക പാഠത്തിലൂടെ സാമൂഹിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു. ഭൂപടശേഷി വളർത്തൽ, ഭൂപടം, അറ്റ്ലസ്, ഗ്ലോബ് നിർമാണം നൈപുണി നേടൽ | നവംബർ, ഡിസംബർ, ജനുവരി | ചാർട്ട്, മാപ്പ് | 5,000 |
| 4. സാമൂഹിക ശാസ്ത്ര ലാബ് നവീകരണം | ലാബ് ആകർഷകമാക്കൽ, ചിത്രീകരണം, നിശ്ചല പ്രവർത്തന മാതൃകകൾ | ലാബ് നവീകരണത്തിലൂടെ സമൂഹ്യ ശാസ്ത്ര അവബോധം | ജനുവരി, ഫെബ്രുവരി, മാർച്ച് | പെയിന്റ്, ചാർട്ട്, വിവിധ മോഡലുകൾ | 5,000 |

| ശേഷി | പ്രവർത്തനം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. കുട്ടികളിൽ ചരിത്ര ബോധം വളർത്തി യെടുക്കൽ | • പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ<br>• പുരാവസ്തു പ്രദർശനം<br>• മ്യൂസിയം തയ്യാറാക്കൽ | എസ്.എസ്. ക്ലബ്<br><br>സാമൂഹിക ശാസ്ത്രാധ്യാപകർ | പി.ടി.എ | ബി.ആർ.സി |
| 2. ജനാധിപത്യ ബോധവും പൗരബോധവും വളർത്തുക | • സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്<br>• ഇലക്ഷൻ വിജ്ഞാപനം<br>• നാമനിർദേശ പത്രിക സ്വീകരിക്കൽ<br>• സൂക്ഷ്മനിരീക്ഷണം<br>• പിൻവലിക്കൽ<br>• വോട്ടെടുപ്പ്(ബാലറ്റ് പേപ്പർ ഉപയോഗിച്ച്)<br>• ഫലപ്രഖ്യാപനം<br>• സത്യപ്രതിജ്ഞ | സാമൂഹികശാസ്ത്രാധ്യാപകർ | പി.ടി.എ<br>ടീച്ചേഴ്സ് ഗ്രാന്റ് | സ്കൂൾ പാർലമെന്റ് |

| | | | | |
|---|---|---|---|---|
| | • മോഡൽ പാർല മെന്റ് രൂപീകരണം<br>• വകുപ്പുകളുടെ ചുമതല<br>• പാർലമെന്റ് സഭ ചേരൽ | | | |
| 3. ഭൂപട വായ നാശേഷി വളർത്തൽ | • ഭൂപടവുമായി ബന്ധപ്പെട്ട വിവിധ കളികൾ<br>• ഭൂപടനിർമാണം<br>• അറ്റ്ലസ് നിർമാണം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പഠന വിഭവ സി.ഡി, ഗ്ലോബ് മാപ്പ്, അറ്റ്ലസ് | ബി.ആർ.സി |
| 4. സാമൂഹിക ശാസ്ത്ര ലാബ് നവീ കരണം | • സാമൂഹികശാസ്ത്ര ലാബ് ആകർഷമാ ക്കൽ<br>• ചിത്രീകരണം<br>• വിവിധ നിശ്ചല മാതൃകകൾ , പ്രവർത്തന മാതൃ കകൾ | | | |

| ക്രമനമ്പർ | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | • Pretest<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമിക്കുക<br>• ചിത്രം-കഥ പറയുക | 2 Months<br>August-September | പുസ്തകങ്ങൾ<br>C.D | BRC<br>DIET<br>PTA |

| | | | | | |
|---|---|---|---|---|---|
| | | • ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം കഥയെഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• കഥാ പുസ്തകം നൽകൽ<br>• സി.ഡി.യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>• ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | BRC<br>IED TRAINER<br>PTA |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരാക്കുക( വായനാക്കൂട്ടം) | • ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>• വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി രൂപീകരിക്കൽ<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• അമ്മവായന<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വിദ്യാരംഗം കലാസാഹിത്യ വേദി – പ്രവർത്തനം<br>• ദിനാചരണം | 6 മാസം | ലൈബ്രറി | BRC |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• ക്ലാസ് ലൈബ്രറി<br>• വായനാക്കുറിപ്പ്<br>• മാഗസിൻ ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ<br>• വായനാക്കുറിപ്പ്- ആസ്വാദനക്കുറിപ്പ്<br>• വ്യക്തിഗത രചന, സംഘരചന | | പുസ്തകങ്ങൾ | PTA |

# ARABIC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| 1. അറബി, അക്ഷര ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കും | അക്ഷരങ്ങളുടെ രൂപ വ്യത്യാസം ഗ്രഹിക്കാൻ കഴയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലത്തിലൂടെ ഉയർത്തിക്കൊണ്ട് വരാനും നേരത്തെ തയ്യാറാക്കിയ അദ്ദലീയൽ അറബി അക്ഷര പഠനസഹായി ഇതിനായി ഉപയോഗിക്കും. കൂടാതെ അക്ഷരക്കാർഡുകൾ<br>ICT ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. | അദ്ധ്യായന വർഷാരംഭത്തിലെ മൂന്ന് മാസം | പുസ്തകങ്ങൾ | എസ്.ആർ.ജി<br>എസ്.എം.സി |
| 2. അറബി ഭാഷാ ശേഷി വർധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക. | പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യം ഒരുക്കുന്നു. | ജൂൺ-മാർച്ച് | കഥ-കവിത പുസ്തകങ്ങൾ | SRG |

| | | | | |
|---|---|---|---|---|
| | ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും വാത്സല്യബോധത്തോടെ കുട്ടികൾ പങ്കാളികളാവുകയും ചെയ്യുന്നു. കൂടുതൽ പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. | | | |
| 3. അറബിയിലുള്ള ചെറിയ ശൈലികൾ, ഉപചാരവാക്കുകൾ തുടങ്ങിയ മനസ്സിലാക്കുന്നു. ഭാഷാ ആഭിമുഖ്യം, വായനാതാത്പര്യം, പൊതുവിജ്ഞാനം തുടങ്ങിയവ വർധിപ്പിക്കൽ | പാഠപുസ്തകങ്ങിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. വായനാമത്സരം സംഘടിപ്പിക്കുന്നു. പൊതുവിജ്ഞാനം അറബിഭാഷ സംബന്ധമായ വിവരങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലുമുള്ള ലളിതമായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ-മാർച്ച്<br><br>ജൂൺ-മാർച്ച് | പാഠപുസ്തകങ്ങളും മറ്റ് പുസ്തകങ്ങളും<br><br>പാഠപുസ്തകങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുന്ന മാതൃകാ ചോദ്യങ്ങൾ | SRG<br><br>SRG |

| | | | | |
|---|---|---|---|---|
| 4. അറബിഭാഷ വിനിമയശേഷി വർധിപ്പിക്കൽ | അറബികലോത്സവത്തിലെ അറബിഭാഷയുമായി നേർക്കുനേരെ ബന്ധവുമുള്ള പദനിർമാണം , പദപയർ, പദകേളി, അറബിപ്രസംഗം തുടങ്ങിയവ മത്സരപരിശീലത്തിലൂടെയുള്ള പ്രവർത്തനം | ജൂൺ-മാർച്ച് | മാതൃകാ മത്സരസഹായികൾ രൂപപ്പെടുത്തി പ്രസിദ്ധീകരിക്കും | |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗ്ഗാത്മകശേഷി വർധിപ്പിക്കൽ | ഓരോ ദിനാചരണത്തിന്റെ ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും തത്സംബന്ധമായ ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും. പ്രതിഭകൾക്ക് സമ്മാനം നൽകും. | ജൂൺ-മാർച്ച് | അറബിക് ക്ലാസിന്റെ ആഭിമുഖ്യത്തിൽ ചാർട്ടുകളുടേയും പ്ലക്കാർഡുകളുടേയും നിർമാണം. | |
| അറബിഭാഷാ പഠനത്തിൽ IT സാധ്യത ഉപയോഗപ്പെടുത്താനുള്ള ഘട്ടത്തിന് തുടക്കം കുറിക്കൽ | അറബിക് ലാഗ്വേജ് ലാബ് സ്മാർട്ട് ക്ലാസ്റൂം അറബിയിലുള്ള ബാലസാഹിത്യശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം കമ്പ്യൂട്ടറിൽ അറബിക് പരിചയപ്പെടുത്തൽ | ജൂൺ- മാർച്ച് | സ്കൂളിലെ IT സൗകര്യം INTERNET സൗകര്യം ഉപയോഗപ്പെടുത്തണം | |

## ഹിന്ദി യു പി വിഭാഗം

| മേഖല | പ്രവർത്തനം | കാലം, സമയം | ലക്ഷ്യം |
|---|---|---|---|
| ഭാഷത്തപരമായ ശേഷികളുടെ വികസനം | ലിസണിംഗ്, സ്പീക്കിംഗ്, റീഡിംഗ്.<br>1. അക്ഷരങ്ങളുറപ്പിക്കാൻ വിഷ്വൽ മീഡിയയുടെ സഹായത്തോടെ പാട്ടുകൾ, വിവിധ ചാർട്ടുകൾ ഇവ പ്രദർശിപ്പിക്കുന്നു.<br>2. ഭാഷ, ആംഗ്യഭാഷ ഇവയിലൂടെ ഹിന്ദി ഭാഷയിലെ ആശയങ്ങൾ കേട്ട് മനസിലാക്കുന്നു.<br>3. കപ്യൂട്ടർ,റ്റാബ് സഹായത്തോടെ ലളിതമായ ഹിന്ദി ചിത്ര കഥകളും ദൃശ്യങ്ങളും കാണാനും കേൾക്കാനും പഠിക്കാനും അവസരം<br>4. ഹിന്ദി ഭാഷയിൽ അസംബ്ലി<br>5. പാഠകാര്യങ്ങൾക്ക് പുറമേ പാഠ്യേ | ജൂൺ,ജൂലൈ<br><br>ജൂൺ മുതൽ ഡിസംബർ വരെ<br><br>മാസത്തിൽ ഒരിക്കൽ<br><br>എല്ലാദിവസവും | ഒഴുക്കോടെ ഹിന്ദിയിൽ ആശയങ്ങൾ കേൾക്കാനും മനസസിലാക്കുന്നതിനുമുള്ള ശേഷി നേടുന്നു.<br><br>ഒഴുക്കോടെയും തെറ്റില്ലാതെയും ഹിന്ദിയിൽ സംസാരിക്കുന്നതിനുള്ള ശേഷി നേടുന്നു.<br><br>തെറ്റില്ലാതെ ഹിന്ദിയിലുള്ള വായനകാർഡ്, പുസ്തകം എന്നിവ വായിക്കുന്നതിനുള്ള ശേഷി നേടുന്നു.<br><br>ഗ്രാമർ തെറ്റില്ലാതെ ഹിന്ദി ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കാനുള്ള ശേഷി നേടുന്നു.<br><br>വ്യത്യസ്ത സാഹിത്യ രൂപങ്ങൾ വായിക്കാൻ ആസ്വദിക്കുന്നു. |

| | | | |
|---|---|---|---|
| സർഗ്ഗപരമായ ശേഷി | തരവിഷയങ്ങൾ,കവിതകൾ,സംഭാഷണങ്ങൾ,നാടകങ്ങൾ തുടങ്ങിയവയുടെ ദൃശ്യാവിഷ്ക്കാരം കുട്ടികളെ ഗ്രൂപ്പാക്കി നടത്തുന്നു.<br>6. ഓരോ പ്രവർത്തി ദിവസവും ഓരോ ഹിന്ദിവാക്കും പൊരുളും പ്രയോഗവും തിരിച്ചറിയിക്കുന്നു.<br>7. ക്വിസ്സ്,സംവാദം,പ്രസംഗം,സാഹിത്യരചന,കവിതാലാപനം തുടങ്ങി സർഗ്ഗവാസനകളുടെ പ്രോത്സാഹനവും പരിശീലനവും നൽകുന്നു.<br>8. സെപ്തംബർ 14 ഹിന്ദി ദിനാഘോഷം | വളരെ വിപുലമായ രീതിയിൽ ഹിന്ദി ദിനാഘോഷം അസംബ്ലിയോട്കൂടി നടത്തുന്നു. | ഹിന്ദി ഭാഷയിൽ വിവിധങ്ങളായ സാഹിത്യ സൃഷ്ടികൾ നടത്തുന്നു. |

## ഇംഗ്ലീഷ് പഠനം പുതിയപ്ലാനുകൾ

| മേഖല | പ്രവർത്തനം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ വികസനം | ലിസണിംഗ്:- ഇംഗ്ലീഷ് ഭാഷയിൽ കഥകൾ കേൾക്കാനുള്ള അവസരം(റേഡിയോ) ടീച്ചർ വീഡിയോ ഷോർട്ട്ഫിലിം എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ ഗ്രഹിക്കുന്നു. സ്കൂൾ റേഡിയോയിലൂടെയുള്ള ഇംഗ്ലീഷ് പരിപാടികൾ കേൾക്കുന്നു.ഇംഗ്ലീഷ് പരിപാടികൾ കേൾക്കുന്നു. ഇംഗ്ലീഷ് അസംബ്ലിയിലൂടെ ഇംഗ്ലീഷ് കേട്ട് മനസ്സിലാക്കുന്നു. | ജൂൺ-മാർച്ച് | സിഡി<br>പെൻഡ്രൈവ്<br>മൊബൈൽ<br>ലാപ് | 15,000 |
| | സ്പീക്കിംഗ്:- റോൾപ്ലേ,സ്റ്റോറിടെല്ലിംഗ്,ഡിബേറ്റ്,സെമിനാർ, പാനൽ ഡിസ്കഷൻ എന്നിവ സ്കൂൾ തലത്തിലും ക്ലാസ് തലത്തിലും നടത്തുന്നു. | ജൂൺ-മാർച്ച് | മൊബൈൽ<br>ലാപ് | 10,000 |
| | സ്കിറ്റ്,കോറിയോഗ്രാഫി ഇവയിലൂടെ ആശയങ്ങൾ വിനിമയം ചെയ്യുന്നു.സകൂൾ റേഡിയോയിലൂടെ വിവിധ വിഷയങ്ങളിൽ സ്പീച്ച് അവതരിപ്പിക്കുന്നു. | ജൂൺ- മാർച്ച് | ചാർട്ട്<br>പേപ്പർ<br>പെൻ | 5,000 |
| | റീഡിംഗ്:- ക്ലാസ് തലത്തിൽ ഇംഗ്ലീഷ് കോണർ പുസ്തകങ്ങൾ,മാഗസിൻ,ന്യൂസ്പേപ്പർ,സ്കൂൾ ലൈബ്രറി,ക്ലാസ് ലൈബ്രറി,റീഡിംഗ് മെറ്റീരി | | | |

| | | | | |
|---|---|---|---|---|
| | യൽ ഇവ കൊടുക്കുന്നു. റീഡിംഗ് കോമ്പ റ്റീഷൻ,ബയോഗ്രഫി,ആട്ടോ ബയോഗ്രഫി ഇവ നൽകുന്നു.ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br><br>**റൈറ്റിംഗ്:-**<br><br>അക്ഷരങ്ങൾ ഉറപ്പിക്കാനും ചെറിയവാക്കു കൾ ഉറപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ, പോസ്റ്റർ,വാൾമാഗസിൻ ഇവ തയ്യാറാക്കൽ. ഇംഗ്ലീഷ് മാഗസിൻ ക്ലാസ് തലത്തിലും മികച്ച സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ തലത്തിലും. | | | |
| സർഗാത്മ കമായ ശേഷി വികസനം | ഇംഗ്ലീഷ് സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടി കളും പാഠപുസ്തകത്തിലെ കവിതകളും വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അവസരം നൽകുന്നു. | ജൂൺ- മാർച്ച് | മാർക്കർ പെൻ | 5,000 |

## ഉപസംഹാരം

വിദ്യാഭ്യാസ രംഗത്ത് കേരളം എന്നും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകാപരമാണെന്ന് കാലം തെളിയിച്ചിട്ടുള്ളതാണ്. വിവിധ മാർഗ്ഗങ്ങളിലൂടെ കേരളത്തിന്റെ വൈജ്ഞാനിക രംഗത്ത് പുത്തൻ ഉണർവ് പകർന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പൊതുസമൂഹം സ്വന്തമായി എറ്റെടുത്തതോടെ വിദ്യാഭ്യാസരംഗത്ത് ആകമാനം മാറ്റം ഉണ്ടാക്കാനായി.

ഹരിതകേരളം, സ്നേഹപൂർവ്വം പദ്ധതി, ആർദ്രം, HI TECH SCHOOL ശുചിത്വ മിഷൻ, SSK തുടങ്ങിയവയിലൂടെ സമൂഹത്തിന്റെ ക്രിയാത്മക പങ്കാളിത്തം പ്രതീക്ഷിച്ചുകൊണ്ട് വിദ്യാലയവുമായി സഹകരിച്ചുകൊണ്ടിരിക്കുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, പി.ടി.എ, എം.പി.ടി.എ സമീപത്തുള്ള ട്യൂഷൻ സെന്ററുകൾ തുടങ്ങിയ നിരവധി സഹായഹസ്തങ്ങൾക്ക് നന്ദി ഏകിക്കൊണ്ട് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു.

ഹെഡ്മാസ്റ്റർ.